## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 294

22/02/2016 - ൽ മറുപടിക്ക്

## ക്ലീൻ കേരള കമ്പനി

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്
ശ്രീ.എം.ചന്ദ്രൻ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.എ.പ്രദീപ്കുമാർ

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് കേന്ദ്ര-സംസ്ഥാന ഫണ്ട് സുലഭമായ സാഹചര്യത്തിൽ ആയതിനായി ഒരു കമ്പനി രൂപീകരിച്ചതിന്റെ പ്രസക്തി വിലയിരുത്തിയിട്ടുണ്ടോ ; കമ്പനി രൂപീകരണം വഴി സംസ്ഥാനത്തിന്റെ മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിന് ലഭിച്ച നേട്ടം വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി)

(എ) കേരള സർക്കാരിന്റെ 2012-13 ലെ ബജറ്റ് പ്രസംഗത്തിലും തൻവർഷത്തെ കാര്യപരിപാടിയിലും ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സിയാൽ മാതൃകയിൽ മാലിന്യ ശേഖരണ സംസ്കരണത്തിനുവേണ്ടി ക്ലീൻ കേരള കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ബഹുനില കെട്ടിടങ്ങളിലെയും, പാർപ്പിട/ ഓഫീസ് സമുച്ചയങ്ങളിലെയും മാലിന്യശേഖരണം സംസ്കരണം എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് താങ്ങാവുന്നതിലേറെയാണ് എന്ന സാഹചര്യം മുൻനിർത്തിയാണ് കമ്പനി രൂപീകരിക്കപ്പെട്ടത്. ലോഗ്രേഡ് ഉൾപ്പെടെ ആകെ 197 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇതിനകം ശേഖരിച്ച് പ്രോസ്സസ് ചെയ്യുവാനും, 149 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പ്രോസ്സസ് ചെയ്യുവാനും കമ്പനി മുഖേന സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട റെയിൽവെ സ്റ്റേഷനുകളുടെ ശുചീകരണം, അനധികൃത പരസ്യങ്ങൾ ഒഴിവാക്കൽ, റോഡ് സൈഡുകൾ മനോഹരമാക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങൾ സ്ഥാപിക്കൽ, ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ദിവസേനയുള്ള നടത്തിപ്പ് എന്നിവ ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കി വരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനഃചംക്രമണത്തിനും,ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയമായ പ്രോസസ്സിംഗിനും പുറമേ ഇത്തരം മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടാതെ കൈകാര്യം ചെയ്യുന്നതിന് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളും ക്ലീൻ കേരള കമ്പനി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് വാളണ്ടിയർമാർ എന്നിവർ മുഖേന വിപുലമായ പ്രചാരണ പരിപാടികളും, ഇ-മാലിന്യ ശേഖരണ പദ്ധതികളും, ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 05 മുനിസിപ്പൽ കോർപ്പറേഷനുകൾ ഉൾപ്പെടെ ആകെ 38 നഗരസഭകൾ ക്ലീൻ കേരള കമ്പനിയുടെ ഷെയറുകൾ എടുത്ത് പ്രവർത്തനങ്ങളിൽ സഹകരിച്ച് വരുന്നു.

| | |
|---|---|
| (ബി) പ്രസ്തുത കമ്പനി രൂപീകരണം കോർപ്പറേഷനുകളുടെയും നഗരസഭകളുടെയും അധികാരത്തിൻമേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | (ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.